**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2020 ജൂൺ 01 മുതൽ സംസ്ഥനത്തെ സ്കൂൾ കുട്ടികൾക്ക് സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക ക്ലാസുകൾ ('ഫസ്റ്റ് ബെൽ') നടത്തുന്നതിനും കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1756/2020/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 29.05.2020

---

പരാമർശം: കൈറ്റ് സി.ഇ.ഒ.യുടെ 27.05.2020-ലെ കൈറ്റ്/2020/1035-2 (36) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യം ഇല്ലാത്തതിനാൽ പരമാവധി സാദ്ധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധിദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ ക്രമീകരിക്കേണ്ടതാണ്. ഇത് ക്ലാസ് മുറിയിൽ നടക്കേണ്ട പഠനപ്രവർത്തനങ്ങൾക്ക് പകരമല്ല; മറിച്ച് ഈ സമയത്ത് കുട്ടികളെ പഠനപ്രവർത്തനങ്ങളിൽ സജ്ജമാക്കുന്നതിനാണ്. 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ 11 ഒഴികെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് ഇത്തരത്തിൽ അവസരം ഒരുക്കുന്നത്. പ്രസ്തുത ക്ലാസുകൾ സജ്ജമാക്കുന്നതിനും സംപ്രേഷണം ചെയ്യുന്നതിനും തുടർപ്രവർത്തനങ്ങൾക്കും താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എസ്.സി.ഇ.ആർ.ടി., കൈറ്റ്, എസ്.എസ്.കെ, എസ്.ഐ.ഇ.ടി എന്നീ ഏജൻസികൾ വിവിധ ക്ലാസുകളിലേക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേഷണം നടത്തുന്നതിന് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ അക്കാദമിക മേൽനോട്ടം എസ്.സി.ഇ.ആർ.ടി-യും സാങ്കേതിക കോർഡിനേഷൻ കൈറ്റും നടത്തേണ്ടതാണ്.
2) മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയങ്ങളിലാണ് ഓരോ ക്ലാസിലേയ്ക്കുമുള്ള സംപ്രേഷണം നടത്തേണ്ടത്. പ്രഖ്യാപിക്കുന്ന ക്ലാസുകൾ കൃത്യമായി സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കൈറ്റ് ഒരുക്കേണ്ടതും സംപ്രേഷണ ഷെഡ്യൂൾ വെബ്സൈറ്റ്, കൈറ്റ് വിക്ടേഴ്സ് ചാനൽ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ പ്രസിദ്ധീകരിക്കുന്നതിന് കൈറ്റ് പ്രത്യേക ക്രമീകരണം ഒരുക്കേണ്ടതുമാണ്.
3) കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം കൈറ്റ് വിക്ടേഴ്സിന്റെ വെബിലും, മൊബൈൽ ആപ്പിലും, സോഷ്യൽ മീഡിയാ പേജുകളിലും മറ്റും ലഭ്യമാക്കേണ്ടതാണ്. കുട്ടികൾക്ക് ഇതിൽ ഏതെങ്കിലും മാർഗത്തിലൂടെ ക്ലാസുകൾ കാണുന്നതിന് അവസരം ഉണ്ടെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകരും ക്ലാസ് അധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്. കൈറ്റ് വിക്ടേഴ്സ് ലഭിക്കുന്ന ടി.വി കണക്ഷൻ വഴിയും അതില്ലെങ്കിൽ ഇന്റർനെറ്റ് വഴിയും പാഠഭാഗങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതാണ്.

4) വീട്ടിൽ ടി.വി., സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസുകൾ കാണാൻ അവസരം ഒരുക്കേണ്ടതാണ്. അതിനായി ക്ലാസ് ടീച്ചർ കുട്ടിയുമായി ആശയവിനിമയം നടത്തി പ്രഥമാധ്യാപകരുമായി ആലോചിച്ച് ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഓരോ ദിവസവും വ്യത്യസ്ത ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസുകളുടെ സംപ്രേഷണം എന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്ബിൽ നിന്നും കാണാനോ ആണ് സൗകര്യം ഒരുക്കേണ്ടത്. ഇതിന് ഓരോ പ്രദേശത്തിന്റേയും കുട്ടിയുടേയും സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തങ്ങളായ മാർഗങ്ങൾ അനുവർത്തിക്കേണ്ടി വന്നേക്കാം. അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ, അയൽ വീടുകളിലെയോ, ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി/ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ കോർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ്. വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ഇങ്ങനെ ക്ലാസുകൾ കാണുന്നതിന് അവസരം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിലെ ഐടി സംവിധാനങ്ങളും ഉപയോഗിക്കാവുന്നതാണ്.
5) ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിനു മുമ്പും ശേഷവും ക്ലാസ് ടീച്ചർമാർ സോഷ്യൽ മീഡിയയോ/ഫോണോ രണ്ടുമില്ലെങ്കിൽ മറ്റു സംവിധാനങ്ങളിലൂടെയോ (തൊട്ടടുത്ത വീട്ടിലെ ഫോൺ, അക്ഷയ കേന്ദ്രങ്ങൾ, നേരിട്ട്... എന്നിങ്ങനെ) അവരുടെ ക്ലാസുകളിലെ കുട്ടികളുമായി ആശയവിനിമയം നടത്തേണ്ടതും കുട്ടിക്ക് ക്ലാസുകൾ കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയനിവാരണത്തിനുള്ള അവസരവും ഒരുക്കേണ്ടതാണ്. ഇത് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
6) ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികൾക്ക് പ്രത്യേകമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കി കുട്ടികളിലേക്ക് എത്തിക്കാനും അതിന്റെ മോണിറ്ററിംഗിനും എസ്.എസ്.കെ സൗകര്യം ഒരുക്കേണ്ടതാണ്.
7) ഉള്ളടക്കം സംപ്രേഷണം ചെയ്യുന്നതും, എപ്പോഴും ഉപയോഗിക്കാനായി വെബിൽ നൽകുന്നതും പൂർണമായും സൗജന്യമായാണ്. ഇത് കുട്ടികൾക്കു മാത്രമല്ല, അധ്യാപകർക്കും, രക്ഷിതാക്കൾക്കും, പൊതുജനങ്ങൾക്കുമെല്ലാം സംപ്രേഷണ സമയത്തോ, പിന്നീടോ (വെബിൽ) കാണാവുന്നതാണ്. അതിനാൽ വൈദ്യുതി തടസം, കേബിൾ-ഇന്റർനെറ്റ് സംവിധാനങ്ങൾ ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ സംപ്രേഷണ സമയത്ത് ക്ലാസുകൾ കുട്ടിക്ക് കാണാൻ കഴിഞ്ഞില്ലെങ്കിൽ പുനഃസംപ്രേഷണ സമയത്തോ, കൈറ്റ് വിക്ടേഴ്സ് യുട്യൂബ് ലിങ്ക് വഴിയോ (youtube.com/itsvicters) സൗകര്യപ്രദമായ സമയത്ത് ക്ലാസുകൾ കാണുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്.
8) ജൂൺ 1 മുതലുള്ള പ്രത്യേക ക്ലാസുകൾ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിടുന്നുണ്ടെങ്കിൽ പ്രഥമാധ്യാപകർ പിടി.എ യുടെയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തേണ്ടതാണ്.
9) ഒരു കുട്ടിക്ക്പോലും (വീട്ടിൽ ടി.വി.യും, സ്മാർട്ട് ഫോണും, ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ അവസരം ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കേണ്ടതാണ്. ഇതിനായി മുൻ ഖണ്ഡികയിൽ പരാമർശിക്കുന്നപോലെ ക്ലാസ് ടീച്ചർ കുട്ടിയുമായി സംസാരിച്ച് അവർക്കുള്ള സൗകര്യ ലഭ്യത ആദ്യമേ മനസിലാക്കേണ്ടതാണ്. ഓരോ ദിവസവും വ്യത്യസ്ത ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസുകളുടെ സംപ്രേഷണം

എന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്ബിൽ നിന്നും കാണാനോ ആണ് സൗകര്യം ഒരുക്കേണ്ടതാണ്.

10) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ നിർദേശങ്ങൾ പൂർണമായും പാലിച്ചു കൊണ്ടായിരിക്കണം ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.മുരളീധരൻ**
**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.എസ്.കെ, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.